"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർസെക്കന്ററി വിദ്യാഭ്യാസം - സർക്കാർ ഹയർസെക്കന്ററി സ്കൂൾ അധ്യാപകരുടെ 2025-26 അക്കാദമിക വർഷത്തെ പൊതുസ്ഥലംമാറ്റവും നിയമനവും - പരാതികൾ പരിശോധിച്ച് തീരുമാനമെടുക്കാനായി സമിതി രൂപീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.3024/2025/GEDN തീയതി,തിരുവനന്തപുരം, 30-04-2025

---

പരാമർശം:-
1. 25.02.2017 ലെ സ.ഉ.(പി)നം.3/2017/ഉ.ഭ.പ.വ ഉത്തരവ്
2. 02.03.2019-ലെ സഉ(സാധാ) നം. 838/2019/പൊ.വി.വ. ഉത്തരവ്
3. 09.04.2025 ലെ സഉ(സാധാ) നം.2592/2025/GEDN ഉത്തരവ്
4. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 24.04.2025-ലെ HSE/3693/2025-Ad C6-Part(1) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സർക്കാർ ഹയർസെക്കന്ററി സ്കൂൾ അധ്യാപകരുടെ 2025-26 അക്കാദമിക വർഷത്തെ പൊതുസ്ഥലംമാറ്റ പ്രക്രിയ കൂടുതൽ സുതാര്യമാക്കുന്നതിനായി പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പരാതികൾ പരിശോധിച്ച് ഉചിതമായ തിരുമാനമെടുക്കുന്നതിന് ചുവടെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ശ്രീ.സന്തോഷ് കുമാർ.ആർ.,പൊതുവിദ്യാഭ്യാസ വകുപ്പ്(ഹയർ സെക്കന്ററി വിഭാഗം) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (കൺവീനർ)
2. ശ്രീ.ജയകുമാർ.സി.എസ്., ജോയിന്റ് സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ് (അംഗം)
3. ശ്രീ.കെ.അൻവർ സാദത്ത്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്(കേരള ഇൻഫ്രാസ്ട്രക്ചർ & ടെക്നോളജി ഫോർ എഡ്യൂക്കേഷൻ) (അംഗം)

പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് പരാതി ഉള്ള അധ്യാപകന് / അധ്യാപികയ്ക്ക് തന്റെ പരാതി ഈ സമിതി മുമ്പാകെ dhsecomplaints@kite.kerala.gov.in എന്ന ഇ-മെയിൽ വഴി സമർപ്പിക്കാവുന്നതാണ്. മൂന്നു പ്രവൃത്തി ദിനങ്ങൾക്കകം സമിതി തീരുമാനമെടുക്കേണ്ടതും സമിതിയുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മീനാംബിക എം.ഐ
അഡിഷണൽ സെക്രട്ടറി

ശ്രീ.സന്തോഷ് കുമാർ.ആർ.,സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,പൊതുവിദ്യാഭ്യാസ വകുപ്പ്(

ഹയർ സെക്കന്ററി വിഭാഗം)
ശ്രീ. ജയകുമാർ സി.എസ്., ജോയിന്റ് സെക്രട്ടറി പൊതുവിദ്യാഭ്യാസ വകുപ്പ്
ശ്രീ. കെ. അൻവർ സാദത്ത്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്(കേരള ഇൻഫ്രാസ്ട്രക്ചർ & ടെക്നോളജി ഫോർ എഡ്യൂക്കേഷൻ)
പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർസെക്കന്ററി വിദ്യാഭ്യാസം) തിരുവനന്തപുരം
എല്ലാ ഹയർസെക്കന്ററി മേഖലാ ഉപഡയറക്ടർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര-പൊതുജന സമ്പർക്ക വകുപ്പ്, (ഗവൺമെന്റ് ഔദ്യോഗിക വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി)
ചീഫ്എക്സിക്യൂട്ടീവ്ഓഫീസർ,കൈറ്റ്,തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്